**ഭരണഭാഷ മാതൃഭാഷ**

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

നം.ഫിൻ.സി5/80602/2017/എച്ച്.എസ്.ഇ. തീയതി : 27/03/2018.

## പരിപത്രം

വിഷയം: ഹ.സെ.വി.വ. - സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം - ബഹു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നിർദ്ദേശങ്ങൾ സംബന്ധിച്ച്:

സൂചന : ബഹു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 07.02.2018 തീയതിയിലെ CRMP/No.6604/12/LA2/2017/KeSCPCR നമ്പർ ഉത്തരവ്.

വയനാട് ജില്ലയിലെ അച്ചൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച പത്രവാർത്ത സ്വമേധയാ പരാതിയായി സ്വീകരിച്ച് ബഹു: കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സൂചന പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നത് സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ആയതിനാൽ പ്രകാരം ചുവടെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ മേഖലാ ഉപമേധാവികളുടെയും ഹയർ സെക്കന്ററി പ്രിൻസിപ്പാൾമാരുടേയും സത്വര ശ്രദ്ധയ്ക്കായി പുറപ്പെടുവിക്കുന്നു.

വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ നേരിടുന്ന പ്രശ്നങ്ങൾ അതത് ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതരെ ബോദ്ധ്യപ്പെടുത്തി സമയബന്ധിതമായി ആയവ പരിഹരിക്കുന്നതിന് പ്രിൻസിപ്പൽമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേഖലാ ഉപമേധാവികൾ അതത് മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ള സ്കൂളുകളുടെ പട്ടിക തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ മുൻഗണനാ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹയർ സെക്കന്ററി സ്കൂളുകളിൽ മുറികളും ശൗചാലയങ്ങളും വൃത്തിയാക്കാൻ ഇപ്പോൾ സംവിധാനം ഇല്ലാത്ത സ്കൂളുകളിൽ നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമായി പി.ടി.എ. ഫണ്ട് ഉപയോഗിച്ച് സംവിധാനമുണ്ടാക്കുന്നതിന് ബന്ധപ്പെട്ട ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡയറക്ടർ

1. എല്ലാ മേഖലാ ഉപമേധാവികൾക്ക്.
2. എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്ക്.